# "ഭരണരൂപത്തെ ജനാധികാരപരമാക്കാൻ ശ്രമിക്കുന്നതോടൊപ്പം സാമൂഹിക വ്യവസ്ഥയേയും ജനാധികാരപരമാക്കാൻ സാദ്ധ്യതകൾ ആരായാവുന്നതാണ്"

ഡോ. നിസാർ അഹമ്മദ്

**11-10-2006 ന് ജനാധികാര രാഷ്ട്രീയ പഠനകേന്ദ്രം/ജനാധികാര രാഷ്ട്രീയസമിതി പ്ലാച്ചിമട സമരപന്തലിൽ സംഘടിപ്പിച്ച പ്രഭാഷണത്തിൽ നിന്നുള്ള ഭാഗങ്ങൾ**

ഒരു സമരത്തിന്റെ അന്തരീക്ഷത്തിൽ ജനാധികാരം എന്ന വിഷയത്തെക്കുറിച്ച് അക്കാദമികമായ താല്പര്യത്തോടെ ചിന്തിക്കുക എളുപ്പമല്ല. അതുകൊണ്ട് ഇതൊരു ക്ലാസ്സോ, പ്രഭാഷണമോ ആയി എടുക്കേണ്ടതില്ല. നമ്മൾ ഒരുമിച്ച് ഒരു വിഷയത്തിന്റെ ഉള്ളിലേക്ക് ചികഞ്ഞുനോക്കാൻ ശ്രമിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്.

ഇവിടെ നടക്കുന്ന സമരം സജീവമായ ഒരു പ്രശ്നത്തെ ആധാരമാക്കിയുള്ളതാണ്. ഇത്തരം ഒരു സന്ദർഭത്തിൽ ജനാധികാരത്തെക്കുറിച്ച് പുനർ വിചിന്തനം ചെയ്യുമ്പോൾ ആശയങ്ങളുടെ ലോകത്ത് അതിന്റെ ഭദ്രത അന്വേഷിക്കാനാണ് നാം പോകുന്നത്. ഇത് യാഥാർത്ഥ്യത്തിൽനിന്ന് അകന്നുകൊണ്ടുള്ള ഒരു പിൻവാങ്ങൽ ആണ്. താല്ക്കാലികമായ ഒരു വിടവാങ്ങൽ.

ചിന്തകരും ജനനേതാക്കളും അനേകം നൂറ്റാണ്ടുകളായി ഉന്നയിക്കുകയും ചർച്ചചെയ്യുകയും ചിന്തിക്കുകയും വ്യത്യസ്തമായി പരിഹാരങ്ങൾ കാണുകയും ചെയ്യുന്ന പ്രശ്നമാണ് ജനാധികാരത്തിന്റേത്. ഇതുമുഴുവൻ മനസ്സിലാക്കാൻ നാമോരുരത്തരും ഇരുന്ന് പഠിക്കേണ്ടിവരും. അതൊരു ചർച്ചയിലൂടെ തീരുന്നതല്ല.

ജനഭരണത്തെ അല്ലെങ്കിൽ ജനാധികാരത്തെ നിർവ്വചിക്കുക പ്രയാസമാണ്. അത് വ്യത്യസ്തമായ നിർവചനങ്ങളെ അനുവദിക്കുന്നു. തങ്ങൾ ജനാധിപത്യ ക്രമത്തിലുള്ള രാജ്യമാണെന്ന് പറയാത്ത ഒരു രാജ്യവും ഇന്ന് ലോകത്ത് കാണുമോ എന്ന് സംശയമാണ്. അത്തരമൊരു സാഹചര്യത്തിൽ ഏതു നിർവചനങ്ങളെയാണ് നാം ഗൗരവമായി എടുക്കേണ്ടതെന്നു വ്യക്തമല്ല. എന്നുവെച്ചാൽ സർവ്വസ്വീകാര്യമായ ഒരു നിർവചനം അതിനില്ല. അപ്പോൾ എവിടെനിന്നാണ് നാം തുടങ്ങുക? കുറെ സമീപനരീതികൾ അല്ലെങ്കിൽ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ കഴിഞ്ഞേക്കും. കാഴ്ചപ്പാടുകളെന്നു വച്ചാൽ നാം എവിടെനിന്നു നോക്കുന്നു എന്നത്. മലയുടെ മുകളിൽനിന്നു നോക്കുമ്പോൾ മല പ്രത്യക്ഷപ്പെടുന്നതുപോലെയല്ല താഴ്വാരത്തിൽനിന്നും നോക്കുമ്പോൾ അത് പ്രത്യക്ഷപ്പെടുന്നത്. അതുപോലെ കാഴ്ചപ്പാടുകളെ മാറ്റിക്കൊണ്ട് എങ്ങനെയൊക്കെയാണ് ജനാധികാരത്തെ സങ്കല്പിക്കുക എന്നും ആലോചിക്കാവുന്നതാണ്.

ചരിത്രപരമായ കാഴ്ചപ്പാടിൽ നോക്കുക. ഇന്ന് ജനാധികാരം എന്നുപറയുന്ന എല്ലാ സമ്പ്രദായങ്ങളും ഏതു രീതിയാലാണ് സങ്കല്പിക്കപ്പെട്ടിരിക്കുന്നത് എന്നു പരിശോധിക്കുകയാണെങ്കിൽ അത് സാമൂഹിക ചരിത്രമായി, ജനങ്ങളുടെ ചരിത്രവുമായി ബന്ധപ്പെട്ട മൂർത്തമായ ചില സംഭവ വികാസങ്ങളെ കുറിക്കുന്നതായി കാണാം. ഇതിലെ പ്രശ്നം എന്തെന്ന് വെച്ചാൽ ജനാധികാരം എന്താണെന്നുള്ള നിങ്ങളുടെ വ്യാഖ്യാനം മറ്റുള്ളവരുടെ വ്യാഖ്യാനവുമായി സംഘർഷത്തിലേർപ്പെടുമ്പോൾ ജനാധികാരപരമായിട്ടല്ല അത് പരിഹരിക്കപ്പെടുക. മറിച്ച് യുദ്ധങ്ങളിലൂടെയാവാം എന്നതാണ്. എല്ലാ രാജ്യങ്ങളും ജനാധിപത്യത്തെക്കുറിച്ച് പല അവകാശവാദങ്ങളും കൊണ്ടുവരുന്നുണ്ട്. ഉദാഹരണത്തിന് സോവിയറ്റ് റഷ്യ ജനാധിപത്യരാജ്യമായിരുന്നുവെന്ന് അവകാശപ്പെട്ടിരുന്നു. ചൈന അങ്ങനെ അവകാശപ്പെടുന്നു. അമേരിക്കയും ഇംഗ്ലണ്ടും ജനാധിപത്യരാജ്യമാണെന്നു പറയുന്നു. ഇത്തരം അവകാശവാദങ്ങൾ ജനാധിപത്യമെന്താണെന്നുള്ളതിനെക്കുറിച്ചുള്ള ആശയക്കുഴപ്പങ്ങൾക്ക് വഴി വെയ്ക്കുന്നു. ആ അർത്ഥത്തിൽ ചരിത്രത്തെ മാത്രം പരിശോധിക്കുന്നതിലൂടെ നമുക്കു സങ്കല്പങ്ങൾ വ്യക്തമാകണമെന്നില്ല.

ജനാധികാരത്തിന്റെ ദൃഷ്ടാന്തങ്ങളായി എണ്ണപ്പെടുന്ന ഭരണരൂപങ്ങളുടെ ചരിത്രം ഈ സംകല്പത്തെ മനസ്സിലാക്കുന്നതിന് നിർണ്ണായകമാണ്. കാരണം ജനങ്ങളുടെ സമരങ്ങളിലൂടെയാണ് ജനാധികാരം രൂപപ്പെട്ടത്. 13-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ രാജാവിനെക്കൊണ്ട് മാഗ്നാകാർട്ടയിൽ ഒപ്പുവെച്ചപ്പോൾ മുതലാണ് പ്രാതിനിധ്യ ജനഭരണം ഒരു സംഭവമായതെന്നു പറയാം. എങ്കിലും 18-ാം നൂറ്റാണ്ടിൽപോലും ഇംഗ്ലണ്ടിൽ ജനപ്രാതിനിധ്യം മൊത്തം ജനസംഖ്യയിലെ മൂന്ന് ശതമാനം വരുന്നവർക്ക് മാത്രമേ തീരുമാനിക്കാൻ അധികാരമുണ്ടായിരുന്നുള്ളു. അമേരിക്കയിൽ ആദ്യം ജനഭരണം രൂപീകരിക്കുമ്പോൾ വർണ്ണവും സ്വത്തും ജനാധികാരത്തെ നിർണ്ണയിച്ചു. അവിടെ നേരിട്ടുള്ള ജനാധിപത്യം എന്ന ധ്വനിയുള്ള ഡെമോക്രസി എന്ന സങ്കല്പത്തിൽനിന്നുള്ള വ്യത്യസ്തതയെ കുറിക്കാൻ റിപ്പബ്ലിക് എന്നാണവർ ഉപയോഗിച്ചത്. ആ ജനാധിപത്യസമ്പ്രദായം ജനപ്രതിനിധികളിൽക്കൂടി രൂപപ്പെട്ടതും നിയമങ്ങളും ഭരണഘടനയും അതനുസരിച്ചുള്ളതും എന്ന അർത്ഥത്തിലാണ് റിപ്പബ്ലിക് എന്ന് വിളിക്കപ്പെട്ടത്.

ഡെമോസ് എന്നുവെച്ചാൽ ജനം എന്നാണ്. ക്രാറ്റോസ് എന്നാൽ വാഴ്ച. ജനവാഴ്ച എന്നാണ് ഡെമോക്രസി എന്ന വാക്കിന്റെ അർത്ഥം പറയാവുന്നത്. പക്ഷേ ജനവാഴ്ച എന്ന സങ്കല്പം അമേരിക്കയുടെ പ്രതിനിധാന ജനാധിപത്യ

ത്തിന്റെ വക്താക്കൾ അംഗീകരിച്ചിട്ടില്ല. ജനാധിപത്യം എന്നുപറയുമ്പോൾ എല്ലാ ആളുകൾക്കും വിവേചനങ്ങളൊന്നുമില്ലാത്ത അധികാരമുണ്ടാവലാണ്. അമേരിക്കയിൽ സ്വകാര്യസ്വത്തിന്റെ അവകാശത്തിന്റെ അടിസ്ഥാനത്തിലൊക്കെയായിരുന്നു വോട്ടവകാശം. അങ്ങനെ പരിമിതപ്പെടുത്തപ്പെട്ട നിലയിലാണ് അവിടെ ജനാധിപത്യം എന്നുപയോഗിച്ചിരുന്നത്. പിന്നീട് ജനപ്രാതിനിധ്യത്തിന്റെ മേഖല വിപുലപ്പെടുത്തി. പക്ഷേ അനേകവർഷങ്ങൾ യൂറോപ്പിൽ വോട്ടവകാശം എന്നത് പുരുഷന്മാർക്കു മാത്രമായിരുന്നു. ജനാധിപത്യം എന്നത് അവിടെ അപ്പോൾ പുരുഷന്മാരുടെ ആധിപത്യമായിരുന്നു. അനേകകാലത്തേയ്ക്ക് സ്ത്രീകൾക്കും മറ്റു വിഭാഗം ജനങ്ങൾക്കും വോട്ട് ചെയ്യാനും ജനപ്രതിനിധിയാകാനും യോഗ്യതയുണ്ടായിരുന്നില്ല. സമരങ്ങളിലൂടെയാണ് അത് നേടിയെടുത്തത്. അങ്ങനെ ചരിത്രപരമായി നോക്കിയാൽ ജനാധികാരം സർവ്വസ്വീകാര്യമായ ഒരു സങ്കല്പനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായതല്ല, മറിച്ച് സമരസംഘർഷത്തിലൂടെ ഓരോ വിഭാഗം ജനങ്ങളും സ്വയം ഭരിക്കാനുള്ള അവകാശങ്ങൾ പ്രതീകാത്മകമായെങ്കിലും നേടിയെടുക്കുകയായിരുന്നു.

ചരിത്രം നല്കുന്ന മറ്റൊരു പാഠം പൌരാണിക ഗ്രീസിന്റെ ജനാധിപത്യപ്രയോഗത്തെ ആസ്പദമാക്കിയുളളതാണ്. ഡെമോസ്, ക്രാറ്റോസ് എന്നിവ ഗ്രീക്ക് പദങ്ങളാണ്. അവിടെ പൌരന്മാർ ഏതാണ്ട് രണ്ടര ലക്ഷത്തിൽപരം വരുന്ന ജനസംഖ്യയിൽ മുപ്പതിനായിരം പേരെ വരൂ. ബാക്കിയുള്ളവർ അടിമകളും സ്ത്രീകളും കുട്ടികളുമാണ്. അവർക്കൊന്നും ജനവാഴ്ചയിൽ പങ്കില്ല. അടിമകൾ പൗരന്മാരല്ല. പൗരന്മാർ എന്നുവെച്ചാൽ സ്വതന്ത്രരായ, സാമ്പത്തികമായ ക്രയവിക്രയങ്ങളിലേർപ്പെട്ടിട്ടുള്ള വിഭാഗമാണ്. അവിടെ പ്രാതിനിധ്യഭരണവാഴ്ചയായിരുന്നില്ല. നേരിട്ടുള്ള 'ജന'വാഴ്ചയായിരുന്നു. ജനമെന്നാൽ പൌരന്മാർ. ആരും ആരേയും പ്രതിനിധാനം ചെയ്തിരുന്നില്ല. ഗ്രീക്ക് അസംബ്ലിയിൽ പക്ഷേ എല്ലാവരും പങ്കാളികളായിരുന്നില്ല. താല്പര്യമുള്ള കുറച്ചാളുകൾ - താല്പര്യമെന്നുവെച്ചാൽ പലതരം താല്പര്യങ്ങൾ - കൂടിച്ചേർന്നാണ് അവിടത്തെ ജനാധിപത്യ നടപടിക്രമങ്ങളിൽ പങ്കെടുത്തത്. അത് കാണിക്കുന്നത് നേരിട്ടുള്ള ജനാധിപത്യം കുറഞ്ഞ ആളുകളുള്ള ഗ്രൂപ്പിൽ മാത്രമേ സാധ്യമാകൂ എന്നാണ്. രണ്ടുമൂന്നു കോടി വരുന്ന ജനങ്ങൾക്ക് എല്ലാവർക്കും നേരിട്ട് പങ്കെടുക്കാൻ സാങ്കേതിക പ്രയാസങ്ങളുണ്ടെന്നാണ് പ്രാതിനിധ്യ ജനാധിപത്യത്തിനുള്ള ന്യായവാദം. അതിന് ചില പരിഹാരങ്ങൾ ഉണ്ടായിവരുന്നുണ്ട്. ഉദാഹരണത്തിന് 'e' ജനാധിപത്യം, ഒക്കെ. വെബ് ഡെമോക്രസിയിൽ എത്ര ആളുകൾക്കും ആശയങ്ങൾ കൈമാറാം, തീരുമാനങ്ങളിൽ പങ്കെടുക്കാം.

ചരിത്രത്തിൽ ജനാധിപത്യത്തിന്റെ ഓരോ ദൃഷ്ടാന്തവും നോക്കുമ്പോൾ അതിന് പരിധികളുണ്ടെന്നു കാണാം. മാതൃകയാക്കാവുന്ന ഒരു തത്വത്തിനെ നമുക്ക് അത് തരുന്നില്ല. അത് തരുന്നത് പരസ്പര വിരുദ്ധവും പരസ്പരം യോജിക്കാത്തതുമായ ഒരുപാട് ജീവിതശൈലികളുടെ ചിത്രമാണ്. ജനാധികാരം ഒരു ഭരണരൂപത്തെപ്പറ്റിയുള്ള സങ്കല്പമെന്നനിലയിലാണ് നാം ഇവിടെ പരിഗണിക്കുന്നത്. ഇതുതന്നെ എത്രത്തോളം സ്വീകാര്യമാണെന്ന് നോക്കണം. ഭരണരൂപത്തിനെ മാത്രമാണോ നാം ജനാധികാരം എന്ന് വിളിക്കുന്നത് എന്നു നോക്കണം. പുരാതന ഗ്രീക്കിലായാലും ആധുനിക യൂറോപ്പിലായാലും അമേരിക്കയിലായാലും ഇതുവരെ ഉണ്ടായിട്ടുള്ള, ആ ജനാധികാരരൂപങ്ങൾ, ഭരണം എങ്ങനെ നിർവ്വഹിക്കാമെന്ന്, എങ്ങനെ ഭരണസംവിധാനം ചെയ്യാമെന്ന പരിഗണനയിൽനിന്നാണ് ഉണ്ടായിട്ടുള്ളത്. പക്ഷേ അതുതന്നെയും പല ദേശങ്ങളുടെയും ചരിത്രസന്ദർഭങ്ങളുടെയും പ്രകരണങ്ങളിൽ വ്യത്യസ്തമായ ഉത്തരങ്ങളാണ് തന്നിട്ടുള്ളത് എന്നതുകൊണ്ട് എന്താണ് ജനാധികാരം എന്ന് ചരിത്രപരമായി സ്ഥാപിക്കാൻ വിഷമമാണ്. പലതരത്തിൽ നല്കപ്പെട്ട ജനാധികാരരൂപങ്ങളിൽ നിന്ന് വിവിധ സ്വഭാവങ്ങളും, തലങ്ങളും തെരഞ്ഞെടുത്തുകൊണ്ട് നമുക്ക് ഒരു ജനാധികാര സങ്കല്പം ഉണ്ടാക്കാം എന്നുപറഞ്ഞാൽ എന്താകും നമ്മുടെ മാനദണ്ഡം എന്ന് വ്യക്തമല്ല. മാനദണ്ഡം വ്യക്തമല്ലാത്തതുകൊണ്ട് പ്രശ്നങ്ങളുമുണ്ട്.

ഇന്ത്യയിൽ, സ്വാതന്ത്ര്യസമരത്തിന്റെ അന്ത്യദശയിൽ ഇന്ത്യൻ ഭരണഘടന ഉണ്ടാക്കിയപ്പോൾ, ഒരു പ്രാതിനിധ്യ ഘടനയിലുള്ള ജനാധിപത്യ റിപ്പബ്ലിക് ആയി പ്രഖ്യാപിക്കുമ്പോൾ, വിഭിന്ന മാതൃകകളിൽ നിന്ന് ഏറ്റവും നല്ലത് തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. അതിന് ഒരു ഗുണമുണ്ട്. ലോകത്തെ ഇതര ഭരണരൂപമുള്ളവയെന്ന് അവകാശപ്പെടുന്ന രാജ്യങ്ങളുമായി ജനാധിപത്യരാജ്യങ്ങളെ താരതമ്യം ചെയ്യുമ്പോൾ ഇത്രയധികം ജനാധികാരലക്ഷണങ്ങളുള്ള ഒരു സമ്പ്രദായം ലോകത്തെവിടെയുമില്ല എന്നുകാണാം. എന്നുവെച്ചാൽ ഒരു പൌരന് ഒരുപാട് സാധ്യതകൾ അനുവദിക്കുന്ന രാജ്യമാണ് ഇന്ത്യ. ഒരു ജനാധികാരഭരണത്തിന്റെയകത്ത് അതാസ്വദിച്ച് ജീവിക്കുന്ന നാം ഓരോരുത്തരും അതിന്റെ ഉത്തരവാദിത്തങ്ങളും സാധ്യതകളും ആരാഞ്ഞുവോയെന്നത് ചോദിക്കാവുന്നത് അവിടെ നില്ക്കട്ടെ. നാമിപ്പോൾ പരിഗണിക്കുന്നത് ചരിത്രത്തിൽ പലതരം ജനാധികാരരൂപങ്ങളിൽനിന്ന് തെരഞ്ഞെടുക്കാവുന്ന മാനദണ്ഡങ്ങൾ നമുക്കുണ്ടോ എന്നാണ്. മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ അവ നാം ചരിത്രത്തിൽ നിന്നും, സന്ദർഭങ്ങളിൽ നിന്നും ഉണ്ടാക്കിയെടുക്കുകയാണ്. പക്ഷേ, അവ എങ്ങനെയാണ് ഉണ്ടാക്കുക ? അതിൽ വർഗ്ഗപരമായ വ്യത്യാസം വരാം., ജാതിവ്യത്യാസം വരാം, മതപരമായ വിവേചനം വരാം. പലതരത്തിലുള്ള സാമൂഹിക വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഈ മാനദണ്ഡങ്ങളിൽ നിർണ്ണായകമായി കടന്നുവരാം. ഇന്ത്യയിൽ അംബേദ്കർ ഭരണഘടനയുടെ ശില്പികളിൽ ഒരായിരുന്നു എന്നത് അതിന്റെ നീതിബോധത്തെ നിർണ്ണയിച്ചതിൽ ഒരു സുപ്രധാന ഘടകമായിരുന്നു എന്ന് തോന്നുന്നു. നീതിയെക്കുറിച്ചുള്ള, അന്വേഷണങ്ങൾ, കാഴ്ചപ്പാടുകൾ അതിലേക്ക് വന്നുവെന്നത് പ്രാധാന്യമുള്ള സംഗതിയാണ്. സ്ത്രീകളുടെ വോട്ടവകാശം സ്വാഭാവികമായിത്തന്നെ ഭരണഘടനയിൽ ഉറപ്പാക്കപ്പെട്ട ആദ്യത്തെ ജനാധിപത്യ സമ്പ്രദായം വന്നത് ഇന്ത്യയിലായിരിക്കണം. ചരിത്രത്തിലെ വിവിധ ജനാധികാര രൂപങ്ങളിൽ നിന്ന് നാം തെരഞ്ഞെടുക്കുന്നതിന് സർവസ്വീകാര്യമായ മാനദണ്ഡങ്ങളി ല്ലായെന്നതുകൊണ്ട് ഒരുതരം സ്വച്ഛന്ദതയാണുണ്ടാവുന്നത് എന്നാണ് പറഞ്ഞുവരുന്നത്. ചരിത്രത്തിലുണ്ടായിട്ടുള്ള ജനാധികാരരൂപങ്ങൾ

എന്തൊക്കെയാണെന്ന് നാം ഇപ്പോൾ പരിശോധിക്കുന്നില്ല.

പിന്നെ പരീക്ഷിക്കാവുന്ന ഒരു സമീപനം ജനാധികാരം എന്ന ആ സങ്കല്പത്തെ, തത്വത്തെതന്നെ പരിശോധിക്കുകയാണ്. ചരിത്രപരമായി സമീപിക്കുമ്പോൾ നമുക്ക് മൂർത്തമായ ചില ദൃഷ്ടാന്തങ്ങൾ ഉണ്ട്. തത്വം എന്ന നിലയിൽ നാം പരിശോധിക്കുമ്പോൾ മൂർത്തമായ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലില്ല. അത് താത്വികമായ തലത്തിൽ അന്വേഷിക്കണം. താത്വികമായി അന്വേഷിക്കാൻ മുതിരുമ്പോൾ നിങ്ങൾ എന്തിനാണ് അമൂർത്തമായ കാര്യങ്ങളിൽ രമിക്കുന്നത് എന്ന ചോദ്യം വരാം. അമൂർത്തത പ്രസക്തമാണോ എന്ന് നമുക്ക് നോക്കാം.

ജനാധികാരം താത്വികതലത്തിൽ പരിശോധിക്കുമ്പോൾ ആദ്യം വരുന്നത് നിർവ്വചനത്തിന്റെ പ്രശ്നമാണ്. നിർവ്വചിക്കാൻ ശ്രമിക്കുമ്പോൾ എന്താണ് നാം ചെയ്യുന്നത്? എപ്പോഴാണ് ഒരു ഭരണരൂപത്തെപ്പറ്റി അല്ലെങ്കിൽ ഒരു ഭരണസമ്പ്രദായത്തെപ്പറ്റി അത് ജനാധികാരപരമാണ് എന്നു നമുക്ക് പറയാൻപറ്റുക എന്നതിന് ചില മാനദണ്ഡങ്ങളാണ് നിർവചനത്തിലൂടെ നാം നേടുന്നത്.

എങ്ങനെയാണ് നാം ജനാധികാരത്തെ നിർവചിക്കുക ? കുറെ പ്രശ്നങ്ങൾ അതിലുണ്ട്. സാമൂഹികജീവിതത്തിൽ നമ്മളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ തീരുമാനമെടുക്കാൻ വേണ്ടിയാണല്ലോ അധികാരം ആവശ്യമായിവരുന്നത്. ആ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം ജനങ്ങളിൽ നിക്ഷ്പ്തമാണ് എന്നതാണ് ജനാധികാരത്തിന്റെ ലളിതമായ അർത്ഥം. പക്ഷെ ഇതിൽ എങ്ങനെയാണ് തീരുമാനമെടുക്കുക, ആരാണ് ജനം എന്നൊക്കെ വരുമ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. പലതരത്തിലുള്ള ജനാധികാര സങ്കല്പങ്ങൾ വരുന്നതിൽ നേരിട്ടുള്ള ജനഭരണം, പ്രാതിനിധ്യ ജനഭരണം, അഗ്രിഗേറ്റ് ജനഭരണം ഒക്കെയുണ്ട്. ചില പ്രത്യേക വിഭാഗം അല്ലെങ്കിൽ വിദഗ്ധർ അല്ലെങ്കിൽ വരേണ്യർ ഇവരുടെ തീരുമാനം എല്ലാവരും ചേർന്നുള്ള തീരുമാനത്തേക്കാൾ മെച്ചപ്പെട്ടതാണെന്നു വാദിക്കപ്പെടാം. ജനാധികാരം എന്ന തത്വം പ്രായോഗികമായി പരിവർത്തിപ്പിക്കുമ്പോൾ ഉണ്ടാവുന്ന ഇത്തരം സാധ്യതകൾ, വിഭജനങ്ങൾ ഇരിക്കെതന്നെ എന്താവാം ജനാധികാരമെന്നത് ആണ് നിർവ്വചനത്തിലൂടെ നാം എത്താൻ ശ്രമിക്കുന്നത്.

ജനങ്ങളെ ബാധിക്കുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ മുൻനിർത്തിക്കൊണ്ട് അവർക്കുതന്നെ തീരുമാനങ്ങളെടുക്കാവുന്ന കഴിവ് അവരിൽതന്നെ നിക്ഷിപ്തമായിരിക്കുന്ന ഭരണസമ്പ്രദായമാണ് ജനാധികാരമെന്ന് നമുക്ക് നിർവചിക്കാനായേക്കും. ഈ നിർവചനത്തെ നാം ഒന്നുകൂടി നോക്കി കഴിഞ്ഞാൽ എന്തൊക്കെയാണ് ഈ ജനാധികാരമെന്ന നിർവചനത്തിൽ അന്തർലീനമായി കിടക്കുന്ന തത്വങ്ങൾ അല്ലെങ്കിൽ ലക്ഷണങ്ങൾ എന്ന് കണ്ടെത്താം. ഒന്ന് ജനം എന്നുള്ളത്. ജനമാണ് ആധാരം. നിർവചനം പൂർണ്ണമല്ലാത്തതുകൊണ്ട് ജനം എന്താണെന്ന് നമുക്ക് പിന്നീട് നോക്കേണ്ടിവരുന്നു. രണ്ടാമത്തേത് ഭൂപരിധിയാണ്. ജനാധികാരമെന്നാൽ ഒരു ഭൂപരിധിയ്ക്കകത്തുള്ള ജനങ്ങളുടെ തിരുമാനമെടുക്കാനുള്ള അധികാരമായാണ് ഉദ്ദേശിക്കുന്നത്. ഈ നിർവചനത്തിൽ മൂന്നാമതു വരുന്ന ഘടകം തീരുമാനങ്ങളെടുക്കുന്ന നടപടിക്രമങ്ങളാണ്. ഒരു ഭരണസമ്പ്രദായത്തിൽ തീരുമാനമെടുക്കുക എന്നുള്ളത് അനിവാര്യമായതാണ്. ഭരണത്തിന്റെ നിർവചനത്തിൽ തന്നെ അടങ്ങിയതാണ് തിരുമാനമെടുക്കലും പിന്നെ അത് നടപ്പിലാക്കലും. ഉദാഹരണത്തിന് ഒരു സേച്ഛാധിപതിയാണ് ഭരിക്കുന്നതെങ്കിലും അവിടെയും തീരുമാനമെടുക്കുന്നുണ്ട്. തീരുമാനമെടുക്കാനുള്ള നടപടിക്രമങ്ങളുണ്ട്. ജനാധികാരത്തിൽ തീരുമാനമെടുക്കുന്ന നടപടികൾ ഭൂപരിധിയിലുള്ള ജനവുമായി ബന്ധപ്പെടുത്തിയാണ് നിർവഹിക്കുന്നത്. ഈ നിർവചനത്തിലെ വേറൊരു വശമെന്തെന്നുവെച്ചാൽ ഈ തീരുമാനമെടുക്കുന്നതിൽ സാധൂകരണം, നീതീകരണം അടങ്ങിയിട്ടുണ്ട് എന്നതാണ്. സാധൂകരണം അല്ലെങ്കിൽ നീതികരണം എന്നുവെച്ചാൽ ഈ ഭരണകർത്താക്കൾ ഇന്ന നടപടി അവലംബിച്ചുകൊണ്ട് ഇന്നയിന്ന തീരുമാനങ്ങളെടുത്തുകൊണ്ട് ആരെ ബാധിക്കുന്ന പ്രശ്നങ്ങളിലാണോ തീരുമാനങ്ങളെടുക്കുന്നത്, ആ വിഭാഗത്തിന്, ജനത്തിന്, അത് സ്വീകാര്യമായിരിക്കണം എന്നതാണ്. അതാണ് രാഷ്ട്രീയക്കാർ ഇത്രയേറെ അംഗീകാരം തേടാൻ മാധ്യമങ്ങളിൽകൂടിയും മറ്റും ശ്രമിക്കുന്നത്. കാരണം ജനങ്ങളിൽ നിന്നാണ് അവർക്ക് സാധൂകരണം ലഭിക്കുന്നത്. ഇത് ജനങ്ങളെടുത്ത തീരുമാനമാണോ എന്നത് വേറെ പ്രശ്നമാണ്. ജനങ്ങൾ എടുത്ത തീരുമാനത്തിനാണോ ജനങ്ങളിൽ നിന്നും ജനപ്രതിനിധികൾ നീതികരണം തേടുന്നത് എന്നത് വേറെ പ്രശ്നമാണ്.

ജനാധികാരത്തെക്കുറിച്ചുള്ള നിർവ്വചനത്തിൽ ഇനിയൊരു ഘടകം തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഫലപ്രാപ്തിയാണ്. ശക്യത (effectivity). മറ്റൊരു ഘടകം കൂടിയുള്ളത് ജനങ്ങളുടെ പരമാധികാര സ്വഭാവമാണ് (Sovereignity). ജനങ്ങൾക്ക് മേലെ വേറൊരു അധികാരവും ശക്തിയുമില്ലായെന്നാണ് പരമാധികാരം എന്ന സങ്കല്പം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്രയും ജനഭരണരൂപത്തെക്കുറിച്ചുള്ള താത്വികചർച്ചയിൽ അംഗീകരിക്കപ്പെട്ട അംശങ്ങളാണ്.

അപ്പോൾ ജനാധികാരത്തെപ്പറ്റിയുള്ള നിർവ്വചനത്തിൽ അടങ്ങിയിരിക്കുന്നത് ജനം, ഭൂപരിധി, തീരുമാനമെടുക്കുന്ന നടപടികൾ, നടപടികളുടെ സാധൂകരണം, നടപടികളുടെ ശക്യത, ജനങ്ങളുടെ പരമാധികാരം എന്നിവയാണ്. ഈ നിർവ്വചനം നോക്കിക്കഴിഞ്ഞാൽ ഒരു സ്വഭാവം മനസ്സിലാകും. തീരുമാനങ്ങൾ എടുക്കപ്പെടുന്നതിലെ സ്വച്ഛന്ദത (arbitrariness) പരിശോധിക്കാൻ മാനദണ്ഡങ്ങളുണ്ട് എന്ന് കാണാവുന്നതാണ്. ഉദാഹരണത്തിന് പ്ലാച്ചിമടയെ സംബന്ധിച്ച് അധികാര വിഭാഗങ്ങൾ തീരുമാനമെടുക്കുമ്പോൾ ബാധിക്കപ്പെടുന്ന ജനങ്ങളുടെ സാധൂകരണം തേടിയിട്ടുണ്ടോ എന്നതാണ് പരിശോധിക്കപ്പെടേണ്ടത്. ഒരു ഭരണസമ്പ്രദായത്തിന്റെ നടപടികളെ സംബന്ധിച്ചാണ് അത് ജനാധികാരനിഷ്ഠമാണോ അല്ലയോ എന്ന് വിളിക്കപ്പെടുന്നത്. ആളുകൾ ബന്ധപ്പെടുന്നതിലും അവരെ ബാധിക്കുന്ന പ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നതിലും ഉള്ള നടപടിക്രമത്തെ ആസ്പദമാക്കിയാണ് ജനാധികാരപരമാണോ അല്ലയോ എന്ന് വിലയിരുത്തുന്നത്. അപ്പോൾ ആ നടപടികളുടെ സാധൂകരണം ജനങ്ങളുടെ അംഗീകാരമാണ്. തീരുമാനം എടുക്കുന്നു എന്നത് മാത്രമല്ല, ആ തീരുമാനം ഫല

പ്രദമാക്കുകയും ചെയ്യുന്നില്ലെങ്കിൽ ജനാധികാരം നാട്യം മാത്രമാണ്. ജനാധികാരത്തിൽ സ്രോതസ്സിരിക്കുന്നത് ജനങ്ങളുടെ പരമാധികാരം എന്ന സങ്കല്പത്തിലാണ്.

ജനാധികാരം എന്നത് വളരെ കുറഞ്ഞ അർത്ഥത്തിൽ ഇതാണ് എന്ന് പറയാം. പക്ഷേ എന്താണ് ജനം, നടപടിക്രമങ്ങളുടെ സ്വഭാവം എത്രത്തോളം സുതാര്യമാണ്. എത്രത്തോളം ഭദ്രമാണ്, സ്വീകാര്യത എങ്ങനെ വരുന്നു എന്നൊക്കെ ചോദിക്കുമ്പോൾ ഈ നിർവ്വചനം അവയൊന്നും വ്യക്തമാക്കിത്തരുന്നില്ല. അങ്ങനെ ചോദിക്കുമ്പോഴാണ് നമുക്ക് കുറെ കാര്യങ്ങളെപ്പറ്റി വീണ്ടും ചിന്തിക്കേണ്ടി വരുന്നത്.

ഇന്ത്യയിൽ ജനാധിപത്യം എന്ന മൂല്യം ഭരണ സമ്പ്രദായത്തിൽ സ്വീകരിച്ചതും ജനപ്രാതിനിധ്യരീതി ഉണ്ടാക്കിയതും ഭാഗികമായി ഭരണകാര്യങ്ങളിലെ ബ്യൂറോക്രസിയെ നിയന്ത്രിക്കാനാണ്. അത് തന്നെ വലിയ ഒരു വിലയാണ്, ഒരു രാജ്യം മുഴുവൻ കൊടുക്കുന്ന വിലയാണ്, ഈ ജനാധിപത്യക്രമം. ജനങ്ങളുമായി ബന്ധമില്ലാത്ത ഭരണകർത്താക്കൾ ജനങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിയാതെ ഭരിക്കുന്നത് തടയാൻ ജനങ്ങൾ കൊടുക്കുന്ന വിലയാണത്. അതിനെ നിയന്ത്രിക്കാൻ ജനപ്രതിനിധികളെ പിൻവലിക്കൽ, റഫറണ്ടം, എന്നത് ഒക്കെ വളരെ വിലപിടിച്ച രീതിയാണ്. ഒരു ദൂഷ്യം തീർക്കാൻ വലിയൊരു സമ്പ്രദായമുണ്ടാക്കി, അത് നിയന്ത്രിക്കാൻ മറ്റൊരു നടപടിയിലൂടെ വ്യവസ്ഥയിൽ കൂടുതൽ സങ്കീർണ്ണതകൾ കൊണ്ടുവരലാണിത്.

നേരിട്ടുള്ള ജനാധികാരത്തിൽ ജനാധികാരം ഫലപ്രദമാകുന്നതിന് മൂന്ന് പ്രവർത്തനരീതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് - ജനപ്രതിനിധികളെ പിൻവലിക്കൽ, റഫറണ്ടം, പൗരസമൂഹ പ്രവർത്തനങ്ങൾ.

ജനപ്രതിനിധികളെ പിൻവലിക്കൽ നേരിട്ടുള്ള ജനാധിപത്യത്തിലെ ഒരംശം ആണ്. ഇന്ത്യൻ ഭരണഘടനയിൽ അതിന് സ്ഥാനമില്ല. പ്രതിനിധികളെ പിൻവലിക്കൽ വ്യവസ്ഥയെ സങ്കീർണ്ണമാക്കാനും ചിലവേറിയതാക്കാനും മാത്രമേ സഹായിക്കൂ എന്ന് പറയപ്പെടുന്നു. റഫറണ്ടം യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലെ ചില സ്റ്റേറ്റുകളിലും ഫലപ്രദമായി നടക്കുന്നുണ്ട്. സിവിൽ സമൂഹ പ്രവർത്തനങ്ങൾ സമകാലീന ലോകത്തിൽ ശക്തമായ സാന്നിദ്ധ്യമാണ്. പ്ലാച്ചിമട സമരം ഒരു സിവിൽ സമൂഹ പ്രവർത്തനമാണ്. ഐക്യരാഷ്ട്രസഭാദ്ധ്യക്ഷൻ കോഫി അന്നൻ പറയുന്നത് സമകാലീന ലോകത്തിൽ സിവിൽ സമൂഹ പ്രസ്ഥാനങ്ങൾ ആണ് സൂപ്പർ പവർ എന്നത്രെ.

ഭൂരിപക്ഷത്തിന്റെയും ന്യൂനപക്ഷത്തിന്റെയും ഒരു തർക്കശാസ്ത്രം നോക്കാവുന്നതാണ്. നൂറ് പേരുള്ള ഒരു കൂട്ടം ആളുകൾ തീരുമാനമെടുക്കുമ്പോൾ നാം വോട്ടിനിടുന്നു. അപ്പോൾ ജനാധിപത്യപരമെന്ന് പറയുന്നത് ഇങ്ങനെ തീരുമാനമെടുക്കുന്നതിനെയാണ്. എല്ലാവരും ഇത് അനുകൂലിക്കുന്നു എന്നത് നല്ലതുതന്നെ. എല്ലാവരും അനുകൂലിക്കുന്നില്ലെങ്കിൽ ഭൂരിപക്ഷത്തിന്റെ സമ്മതിദാനം കിട്ടിയാൽ ആ തീരുമാനം അംഗീകരിക്കാം എന്നതാണ് ജനാധിപത്യപരം. പക്ഷേ 100 പേരിൽ 51 പേർ അനുകൂലിച്ചാലും ഭൂരിപക്ഷമായി. അപ്പോൾ ന്യൂനപക്ഷത്തിന് അവിടെ സ്വാതന്ത്ര്യമില്ലാതെയായി. ഇതിലെ തർക്കം ഇവിടെ തീരുന്നില്ല. ഇത്തരം ഒരു സാഹചര്യം വരുമ്പോൾ 51 ശതമാനം എടുത്ത നടപടി തങ്ങളുടെ നടപടിയായി 49 ശതമാനം പേരും സ്വീകരിക്കുവാനുള്ള സന്നദ്ധതയാണ് ജനാധിപത്യപരം എന്ന് പറയുന്നത്. ഇത് ഒരു കളിയിലേതു പോലെയാണ്. എല്ലാവരും ഓടുന്നു. രണ്ടു മൂന്നു പേർ ജയിക്കുന്നു. തോറ്റവർ തങ്ങൾ ജയിച്ചില്ല എങ്കിലും ഓടി. ഇനി ചിലർ ജയിച്ചവരായി അംഗീകരിക്കുക. ഇതാണ് പ്രഹേളികയ്ക്ക് ഉത്തരം. ഇത് പക്ഷേ വീണ്ടും പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് എപ്പോഴാണ്? തീരുമാനം എടുക്കപ്പെട്ടത് 51 ശതമാനം പേരുടെ താല്പര്യമനുസരിച്ചാണെങ്കിൽ ഈ തീരുമാനം എടുക്കുന്നത് കൊണ്ട് 49 ശതമാനം പേർക്കുണ്ടാകാവുന്ന ഭവിഷ്യത്തുകളെ കുറിച്ച് ഈ സമ്പ്രദായം ഉത്തരം നല്കുന്നില്ല. ഇവിടെ 51 പേരുടെ ആവശ്യങ്ങളുടെയും 49 പേരുടെ ആവശ്യങ്ങളുടെയും ഒരു ശരാശരി കണ്ട് പ്രശ്നം പരിഹരിക്കാൻ നോക്കാം. ജനാധിപത്യം നാം അംഗീകരിക്കുകയാണെങ്കിൽ ഈ പരിഹാരം സ്വീകരിക്കാൻ നാം ബാധ്യസ്ഥരാണ്. അല്ലെങ്കിൽ നാം ആയുധമെടുത്ത് പരിഹരിക്കാൻ നോക്കുകയാണെങ്കിൽ ആ പ്രവൃത്തി ജനാധിപത്യമല്ലാതാകും. ഇത്തരം സാഹചര്യം വന്ന് കഴിഞ്ഞാൽ അത് ജനാധിപത്യപരമായി പരിഹരിക്കപ്പെടും എന്ന് ഇന്നത്തെ സമ്പ്രദായത്തിന് ഉറപ്പ് നല്കാനാകുന്നില്ല. ഈ ഉറപ്പില്ലായ്മ ഇന്ന് ലോകത്തുള്ള ഒരു ജനാധിപത്യക്രമത്തിലും പരിഹരിച്ചിട്ടില്ല. പലതരം ക്ഷേമപ്രവർത്തനങ്ങളിലൂടെ ഈ കുറവ് പരിഹരിക്കപ്പെടുന്നതിനെയാണ് സോഷ്യൽ ഡെമോക്രസി എന്ന് പറയുന്നത്.

ഡെമോക്രസിയുടെ ഒരു രൂപമല്ല സോഷ്യൽ ഡെമോക്രസി. സോഷ്യൽ ഡെമോക്രസി എന്നത് സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടാണ്. മൂലധനവ്യവസ്ഥാപിതമായ സമ്പദ് വ്യവസ്ഥയെ അനുവദിക്കുകയും അതിന്റെ കോട്ടങ്ങളെ ക്ഷേമപ്രവർത്തനങ്ങളിലൂടെ പരിഹരിക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് സോഷ്യൽ ഡെമോക്രസി. അങ്ങനെ വരുമ്പോൾ ലോകത്ത് കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ എന്നത് ഉണ്ടായിട്ടേ ഇല്ല. എല്ലാംതന്നെ സോഷ്യൽ ഡെമോക്രാറ്റുകളാണ്. സമ്പദ് വ്യവസ്ഥയുടെ ഇത്തരത്തിലുള്ള സ്വഭാവങ്ങളെ, ലക്ഷണങ്ങളെ നിലനിർത്തി കൊണ്ട് തന്നെ ഭരിക്കാൻ തീരുമാനിക്കുകയാണ്, സോഷ്യൽ ഡെമോക്രസി. സോവിയറ്റ് റഷ്യയിൽ ആദ്യം കമ്മ്യൂണിസ്റ്റ് ഭരണം വന്നു. പിന്നീടത് മാറി സ്വതന്ത്രമായ മൂലധനവ്യവഹാരത്തെ അനുവദിച്ചു. അതുകൊണ്ട് അവർ സോഷ്യൽ ഡെമോക്രാറ്റുകളാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ സോഷ്യൽ ഡെമോക്രാറ്റുകളാണ്.

ഇന്നത്തെ ജനാധിപത്യം, അതായത് ആധുനിക ജനാധിപത്യം ലിബറൽ ഡെമോക്രസിയാണ്. എന്താണ് ലിബറൽ ഡെമോക്രസി? വിശേഷണം കൂടാതെ ഡെമോക്രസി എന്നു പറയുന്നതും ലിബറൽ ഡെമോക്രസി എന്നു പറയുന്നതും തമ്മിലുള്ള വ്യത്യാസമെന്താണ്? ലിബറൽ ഡെമോക്രസി എന്നു വിശേഷിപ്പിക്കുന്നത് ജനാധിപത്യം എന്ന അവകാശവാദം ഉന്നയിക്കുന്ന മറ്റ് ജനാധിപത്യക്രമങ്ങളിൽ നിന്ന്, ഭരണസമ്പ്രദായങ്ങളിൽ നിന്ന് വ്യത്യാസപ്പെടുത്താനാണ്. ഏതെങ്കിലും ഒരു രാജ്യത്ത് പ്രാതിനിധ്യ ജനാധിപത്യ രീതിയിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് മതവിഭാഗങ്ങളോ, അല്ലെങ്കിൽ മറ്റേതെങ്കിലും വിഭാഗീയതകളോ ആണെങ്കിൽ ഈ പ്രാതിനിധ്യം ലിബറലല്ല. എന്നുവച്ചാൽ, സ്വതന്ത്രമല്ല. വേറൊരു അധികാരത്തിന്റെ കീഴിലാണ് ജനങ്ങൾ

ഇവിടെ. ലിബറൽ ജനാധിപത്യത്തിൽ ഈ ജനപ്രാതിനിധ്യം സ്വതന്ത്രമാവുക എന്നാൽ സങ്കല്പിക്കപ്പെടുന്നത് ജനങ്ങൾക്ക് സ്വയമേവ തീരുമാനമെടുക്കാൻ കഴിയുകയും അതിനുവേണ്ടി മറ്റുള്ളവരുമായി ബന്ധപ്പെടുകയും ആ പ്രക്രിയയിൽകൂടി ജനപ്രതിനിധിയായി കടന്നുവരികയും ചെയ്യുന്ന രീതിയാണ് ലിബറൽ ഡെമോക്രസി. ലിബറൽ ഡെമോക്രസി എന്നത് സ്വാതന്ത്ര്യത്തിന്റേയും തുല്യതയുടേയും മൂല്യ പരിസ്ഥിതിക്കകത്തുള്ള ജനാധിപത്യമാണ്.

കൂടുതൽ ആലോചിക്കേണ്ട വിഷയങ്ങളിൽ ഇനിയൊന്ന് പ്രാതിനിധ്യത്തിന്റേതാണ്. ജനങ്ങളെ പ്രതിനിധാനം ചെയ്യുക എന്ന രീതിയുടെ മാനദണ്ഡമെന്താണ്? അതായത് തീരുമാനമെടുക്കുന്ന നടപടിക്രമങ്ങളെ സുഗമമാക്കാനാണ് ഈ ജനപ്രാതിനിധ്യമെന്ന രീതി. കാരണം എല്ലാവർക്കും കൂടി തീരുമാനമെടുക്കാൻ പ്രയാസങ്ങളുണ്ട്. ദേശത്തിന്റേയോ ഭാഷയുടേയോ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട നിയോജകമണ്ഡലങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചേർന്ന സഭയിൽ നിന്നാണ് തീരുമാനമെടുക്കുന്നത്. ഈ ജനപ്രതിനിധിയും ജനങ്ങളും തമ്മിലുള്ള ബന്ധമെന്താണ്? അതാണ് പ്രാതിനിധ്യത്തിന്റെ തർക്കശാസ്ത്രം എന്നുപറയുന്നത്.

ആലോചിക്കേണ്ട മറ്റൊരു കാര്യം മൂല്യങ്ങളുടേതാണ്. എന്തിന്റെ പേരിലാണ് ജനാധികാരം എന്നത് ഉറപ്പിക്കപ്പെട്ടിട്ടുള്ളത്? ഇത് വളരെ പ്രധാനമാണ്. ജനാധിപത്യം എന്നത് വെറുതെ അധികാരികൾ അനുമതി നൽകുന്നതുകൊണ്ടല്ല രൂപപ്പെടുന്നത്. അങ്ങനെയായിരുന്നുവെങ്കിൽ അതിന്റെ മൂല്യം വെറും ഉപകരണാത്മകം മാത്രമാകുമായിരുന്നു. നമ്മൾ ഓരോരുത്തരും നമ്മുടെ പല പല താൽപ്പര്യങ്ങളുടേയും പരിഗണനകളുടേയും അടിസ്ഥാനത്തിലാണ് ഈ ജനാധിപത്യക്രമത്തിനെ കാണുന്നത്. അവ നിറവേറ്റാൻ വേണ്ടിയാണ് നമ്മൾ ഈ ജനാധിപത്യ സമ്പ്രദായത്തിനെ നോക്കുന്നതെങ്കിൽ ജനാധിപത്യത്തെ സംബന്ധിച്ച മൂല്യം വളരെ പ്രശ്നവത്താണ്. ഏത് മൂല്യത്തിലാണ് അത് ഉറപ്പിക്കുന്നത് എന്നത് പ്രധാനമാണ്. ഉദാഹരണത്തിന് ഉപകരണാത്മക മൂല്യം - ജനാധിപത്യം ഇന്നയിന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉപകാരപ്രദമാണ് എന്നതാണ് ഈ ജനാധിപത്യത്തിന്റെ മൂല്യമെങ്കിൽ ഇത് സംശയാസ്പദമാണ്. കാരണം ഒരു കാര്യം സാധിച്ചു കിട്ടാൻ വേണ്ടിയുള്ള ഉപകരണമായിട്ടാണ് ജനാധിപത്യത്തെ കാണുന്നത്. നേരെ മറിച്ച്, ജനാധികാരത്തിൽ ഏതൊക്കെ മൂല്യങ്ങളാണ് അന്തർഭവിച്ചിട്ടുള്ളത്, ഏതൊക്കെ മൂല്യങ്ങളിലാണ് അത് ഉറപ്പിക്കപ്പെട്ടിട്ടുള്ളത് എന്നാണ് അന്വേഷിക്കേണ്ടത്. ജനാധിപത്യം ഒരു മൂല്യത്തെ പിന്തുടരുന്നതാണെങ്കിൽ അതുണ്ടാക്കുന്നത് വ്യത്യസ്തമായ രാഷ്ട്രീയാനുഭവമായിരിക്കും. സാധൂകരണം നടക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതിലാണ് മൂല്യം കടന്നുവരുന്നത്.

അപ്പോൾ ജനാധികാരം എന്ന സങ്കല്പമെടുത്ത് അതിന്റെ ഘടകങ്ങൾ അല്ലെങ്കിൽ അംശങ്ങളെപ്പറ്റി അന്വേഷിച്ചു നോക്കുമ്പോൾ അതു പല സംശയങ്ങളും ഉയർത്തുന്നുണ്ട്. അങ്ങനെ വരുമ്പോഴാണ് പ്രാതിനിധ്യത്തെപ്പറ്റി നാം ആലോചിക്കേണ്ടിവരുന്നത്.

ജനം, പ്രാതിനിധ്യം, സാധൂകരണം ഒക്കെ പരസ്പരം ബന്ധപ്പെട്ടതാണ്. ഇവയിൽ എന്താണ് ജനം എന്നു ചോദിച്ചാൽ പല താൽപ്പര്യങ്ങളാൽ - വോട്ടു ചെയ്യുന്ന ഒരു സ്ഥിതി നാം നോക്കുകയാണെങ്കിൽ അതിൽ ജനാധിപത്യമെന്നു പറയുന്നത് ഭൂരിപക്ഷത്തിന്റെ അഭിപ്രായം അംഗീകരിക്കലാണ്. അവിടെ സാധൂകരണം വരുന്നത് എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്.

ഭരണരൂപങ്ങളെക്കുറിച്ചാണ് നാം ഇതുവരെ സംസാരിച്ചത്. അതിലാണ് സ്വാതന്ത്ര്യം, തുല്യത തുടങ്ങിയ മൂല്യങ്ങൾ ആധാരമായിരിക്കുന്നു എന്ന് പറഞ്ഞത്. തുല്യത, സ്വാതന്ത്ര്യം എന്നൊക്കെ പറയുമ്പോൾ ഇത് ഒരു പ്രത്യേക രീതിയിൽ രാഷ്ട്രീയമായി മാറും. സാമൂഹികമായ വ്യവസ്ഥയുടെ സ്വഭാവമായി ജനാധികാരം വരുമ്പോൾ ജനാധികാരത്തിന്റെ നിർവ്വചനം മാറും.

ഇത്തരം ചോദ്യങ്ങൾ നമ്മളെ നയിക്കുന്നത് ഭരണരൂപത്തിന്റെ ജനാധികാര സ്വഭാവങ്ങളുടെ ചോദ്യത്തിൽ നിന്ന് സാമൂഹിക വ്യവസ്ഥയുടെ ജനാധികാര സ്വഭാവത്തിലേക്കാണ്. ജനാധികാരം എന്നത് ഒരു ഭരണക്രമത്തിന്റെ ജനാധികാരത്തിലേക്ക് ലഘൂകരിക്കപ്പെടാതെ ഒരു വ്യവസ്ഥ ജനാധികാരപരമാണോ അല്ലയോ എന്ന് പരിശോധിക്കുന്നതിലേക്ക് നമുക്ക് നീങ്ങാനാകുമോ എന്നാണ് ചോദിക്കേണ്ടത്. സാമൂഹികവ്യവസ്ഥ അല്ലെങ്കിൽ സാമൂഹികസമ്പ്രദായം ജനാധികാരമാണോയെന്നത് വീട്ടിൽ ജനാധികാരപരമാണോ, കമ്മ്യൂണിറ്റിയിൽ ജനാധികാരപരമാണോ, പരസ്പരം ബന്ധപ്പെടുന്ന സ്ഥാപനങ്ങളിൽ ജനാധികാരപരമാണോ എന്നതാണ്. നടപടിക്രമങ്ങളിലേക്ക് പോകുന്നതിനു പകരം മനുഷ്യനും മനുഷ്യനും തമ്മിൽ എന്തിന് ഇടപെടുന്നുവെന്ന് നോക്കുക. അതിൽ നാം തുല്യത പുലർത്തുന്നുണ്ടോ? എന്തെങ്കിലും വിഭവങ്ങളെ അടിസ്ഥാനമാക്കിയാണ് ആളുകൾ ഇടപെടുന്നത്. ഉദാഹരണത്തിന് അദ്ധ്യാപകരും വിദ്യാർത്ഥികളും ബന്ധപ്പെടുന്നതിൽ അറിവാണ് വിഭവം. ഇതിൽ തുല്യത എന്ന് പറഞ്ഞാൽ എന്താണ്? കുടുംബത്തിൽ ആളുകളുടെ ഇടപെടലിൽ സുരക്ഷിതത്വമോ ഭൗതികമായ സാമീപ്യമോ ഒക്കെ ആയിരിക്കാം വിഭവങ്ങൾ. ഇതിൽ തുല്യത എന്ന് പറഞ്ഞാൽ എന്താണ്? ഇവിടെയൊക്കെ ഇക്വിറ്റി എന്ന ആശയത്തിലേക്കാണ് പുതിയ ചിന്തകൾ വരുന്നത് സാമൂഹിക വ്യവസ്ഥയിൽ വ്യവസ്ഥാപരമായ ഇടപെടലുകളിൽ നമ്മൾ തുല്യത അളക്കേണ്ടത് അത് ആർക്കെങ്കിലും യാതന ഉണ്ടാക്കുന്നുണ്ടോ എന്നതനുസരിച്ചായിരിക്കണം. അപ്പോൾ തുല്യത എന്നത് നീതിയെന്ന അർത്ഥത്തിലേക്ക് വരും. ഉദാഹരണത്തിന് ഞാനും നിങ്ങളും തമ്മിൽ ബന്ധപ്പെടുന്നു. എന്തെങ്കിലും വിഭവത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം നാം ബന്ധപ്പെടുന്നുണ്ടാകുക. സ്ഥിരമായി നാം ബന്ധപ്പെടുന്നുണ്ടെങ്കിൽ നാം ബന്ധപ്പെടുന്നത് സ്ഥാപനപരമായി. എപ്പോഴും ഈ ബന്ധം ഒരാൾക്ക് യാതനയാണ് ഉണ്ടാക്കുന്നതെങ്കിൽ ഈ ബന്ധം തുല്യമല്ല, അനീതിപരമാണ്. നേരെ മറിച്ച് അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം തുല്യമല്ല, പക്ഷേ ഇക്വിറ്റിയുള്ളതാണ്. ഇവിടെ അനീതിയില്ല. യാതനയില്ല. പറഞ്ഞുവരുന്നത്, വെറും രൂപപരമായ തുല്യതയ്ക്ക് പകരം വിഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള മനുഷ്യബന്ധങ്ങളിൽ അപരന് യാതന കൊടുക്കാത്ത ബന്ധത്തെയാണ് തുല്യത എന്ന് പുനർനിർവ്വചിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ഒരു വ്യവസ്ഥയിൽ നാം ജനാധികാരപരമാണ്, ജനാധിപത്യപരമാണ് എന്ന് പറഞ്ഞാൽ എന്താണ്? വ്യവസ്ഥയെ സംബന്ധിച്ച്

അത് നീതിയുക്തമാവുക, യാതനകളില്ലാതിരിക്കുക എന്നതായിരിക്കും അതിലെ ജനാധിപത്യം. കാരണം വ്യവസ്ഥയിലെ ആധാരമായിട്ടുള്ള ജനം മനുഷ്യരാണ്. അതുപോലെ റിപ്പബ്ലിക് എന്നതു നോക്കാം. റിപ്പബ്ലിക് എന്നതിൽ റെസ് പബ്ലിക് എന്നാണ്. റെസ് എന്ന് പറഞ്ഞാൽ പദാർത്ഥം. പബ്ലിക് എന്നത് പോബ്ലിക്കൂസ് എന്ന വാക്കിൽ നിന്നാണ് വരുന്നത്. ഇതിനർത്ഥം ജനം എന്നാണ്. അപ്പോൾ റിപ്പബ്ലിക് എന്ന് പറഞ്ഞാൽ അത് ജനാധാരമായിട്ടുള്ളതാണ് എന്നാണ്. ജനാധികാരം എന്ന് പറഞ്ഞാൽ എന്താണ്? ജനം എന്ന് പറഞ്ഞാൽ ഒരു ദേശപരിധിക്കകത്ത് ഒരു പ്രത്യേക വ്യവസ്ഥയിൽ ഒരുമിച്ച് ജീവിക്കുന്ന എല്ലാവരുമാണ്. വ്യവസ്ഥ ജനാധിപത്യപരമാണെങ്കിൽ വ്യവസ്ഥ ഓരോരുത്തരോടും ഉത്തരവാദിത്വപ്പെട്ടതാണ്. എല്ലാവരോടും ഉത്തരവാദിത്വപ്പെട്ടതാണ്. അങ്ങനെ എങ്ങനെയാണ് ജീവിക്കുക എന്ന് ചോദിക്കുമ്പോൾ ഈ വ്യവസ്ഥയിൽ മനുഷ്യർ തമ്മിൽ ബന്ധപ്പെടുന്ന രീതികൾ അവർക്ക് തന്നെ എതിരായിത്തീരുന്നോ എന്നാണ് നോക്കേണ്ടത്. ഞാനും നിങ്ങളും തമ്മിൽ പരസ്പരം ബന്ധപ്പെടുമ്പോൾ ഈ ബന്ധപ്പെടൽ പ്രക്രിയ നിങ്ങൾക്ക് പ്രതികൂലവും എനിക്ക് അനുകൂലവും ആയിത്തീരുന്നില്ല എന്ന് ഉറപ്പാക്കലാണ് ജനാധിപത്യം എന്ന് പറയുന്നത്.

ജനാധിപത്യം അല്ലെങ്കിൽ ജനാധികാരം എപ്പോഴെങ്കിലും ഉണ്ടായിരുന്ന അവസ്ഥയല്ല. അത് എപ്പോഴും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് അത് എപ്പോഴും ഒരു പരീക്ഷണമാണ്. അത് എപ്പോഴും തുറന്നുവയ്ക്കപ്പെട്ട ഒരു അവസരമാണ്. ജനങ്ങൾ പരസ്പരം മനസ്സിലാക്കുന്നതിലൂടെയും വിവരങ്ങൾ കൈമാറുന്നതിലൂടെയും ശക്തിപ്പെടുന്നതാണ് ജനാധിപത്യം അല്ലെങ്കിൽ ജനാധികാരം.

*തത്വശാസ്ത്ര വിഭാഗം, ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം.*

## എന്തൊക്കെ നേടിയാലാണ് പ്ലാച്ചിമട സമരം വിജയിച്ചുവെന്ന് പറയാനാവുക ?

### പ്ലാച്ചിമട സുഹൃദ്സംഘം

**പ്ലാച്ചിമടവാസികൾക്ക് ഏൽപ്പിച്ച യാതനകൾക്ക് കൊക്കകോള ലോകത്തോട് മാപ്പ് പറയുകയും പ്ലാച്ചിമട കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം നിർത്തിവെയ്ക്കുന്നുവെന്ന് പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരസമിതിയോടും പെരുമാട്ടി ഗ്രാമപഞ്ചായത്തിനോടും രേഖാമൂലം ഉറപ്പു നൽകുകയും പ്ലാച്ചിമട കൊക്കക്കോള കമ്പനിയുടെ വിറ്റുവരവിന്റെ 10% പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹികസുരക്ഷിതത്വത്തിനും പ്ലാച്ചിമട പരിസ്ഥിതി പുനഃസ്ഥാപനത്തിനുംവേണ്ടി പെരുമാട്ടി പഞ്ചായത്തിൽ കോർപസ് ഫണ്ടായി നിക്ഷേപിക്കുകയും അടിസ്ഥാനവിഭവങ്ങളുടെ സംരക്ഷണാധികാരം ഗ്രാമസഭകൾക്ക് നൽകുന്ന നിയമനിർമ്മാണം കേരള നിയമസഭയിൽ പൂർത്തിയാവുകയും ചെയ്താൽ പ്ലാച്ചിമട സമരം വിജയിച്ചുവെന്നു പറയാം.**

## കേരള സമൂഹത്തോട് പ്ലാച്ചിമട ചോദിക്കുന്നത്....!

1. ദിവസം 15 ലക്ഷം ലിറ്റർ ഭൂജലമൂറ്റിയെടുക്കുകയും 8 ലക്ഷം ലിറ്റർ മലിനജലം ഒഴുക്കിവിടുകയും ചെയ്യുന്ന കോക്കകോള ഫാക്ടറി താങ്കളുടെ വീട്ടുപരിസരത്തായിരുന്നു ആരംഭിക്കുന്നതെങ്കിൽ താങ്കൾ ഇതിന് അനുമതി നൽകുമായിരുന്നോ?

2. താങ്കളുടെ അനുമതിയില്ലാതെ താങ്കളുടെ വീട്ടുപരിസരത്താരംഭിച്ച ഫാക്ടറി മൂലം താങ്കളുടെ കുടിവെള്ളം കാഡ്മിയം പോലുള്ള മാരക വിഷപദാർത്ഥങ്ങൾകൊണ്ട് മലിനപ്പെട്ടുവെന്നറിഞ്ഞാൽ താങ്കൾ ഫാക്ടറിയെ നിയമ വിചാരണ ചെയ്യില്ലായിരുന്നോ?

3. ലാഭവർദ്ധനവിന് വേണ്ടി കുടിവെള്ളം പോലുള്ള അടിസ്ഥാനവിഭവങ്ങൾ കയ്യേറ്റം ചെയ്യുകയും മലിനീകരിക്കുകയും ലഘുപാനീയങ്ങൾ കീടനാശിനികൾ കലർത്തി വിൽക്കുകയും ചെയ്യുന്ന കോർപറേറ്റ് അത്യാഗ്രഹികളെ നിയന്ത്രിക്കാൻ കേരളത്തിലെ നിയമങ്ങൾ അപര്യാപ്തമാകുകയും ഭരണകർത്താക്കൾ അശക്തരാവുകയും ചെയ്യുമ്പോൾ പ്രശ്നബാധിതരായ ജനങ്ങൾ എന്തുചെയ്യണം?

4. കോർപറേറ്റ് അത്യാഗ്രഹികൾ കുടിവെള്ളം പോലുള്ള കേരളത്തിന്റെ അടിസ്ഥാന വിഭവങ്ങൾ കയ്യേറ്റം ചെയ്യുന്നതും മലിനപ്പെടുത്തുന്നതും ലഘുപാനീയങ്ങൾ കീടനാശിനി കലർത്തി വില്ക്കുന്നതും തടയുവാൻ കേരള ഭൂജലനിയമങ്ങളിലും, മലിനീകരണ നിയന്ത്രണ നിയമങ്ങളിലും, പഞ്ചായത്ത്‌രാജ് നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുവാൻ കേരള സമൂഹം ഉണരാത്തതെന്ത്?


**മൂലധന ശക്തികൾ കേരളത്തിലെ ജലം പോലുള്ള അടിസ്ഥാന വിഭവങ്ങൾ കയ്യേറ്റം ചെയ്യുകയും മലിനപ്പെടുത്തുകയും ചെയ്യുന്നതിനെതിരെ**

**പ്ലാച്ചിമട കൊക്കകോള വിരുദ്ധസമര സമിതി**
**വിളയോടി വേണുഗോപാൽ നയിക്കുന്ന**

**ജനകീയ ജലാധികാര യാത്ര**

**2007 ജനുവരിയിൽ**



**ജനകീയ ജലാധികാര യാത്ര**

**പ്ലാച്ചിമട കൊക്കകോള വിരുദ്ധസമര സമിതി**
**കന്നിമാരി പി.ഒ., പാലക്കാട് ജില്ല – 678 534**
e-mail : plachimada2002@rediffmail.com
**യാത്ര ഏകോപനം : സണ്ണി പൈകട. 9446234997**